പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5892** **08. 07. 2013-** ലെ മറുപടി

<u>പ്രവാസി മലയാളികൾ നേരിടുന്ന പ്രതിസന്ധി</u>

<u>ചോദ്യം</u>

<u>ശ്രീ. രാജു എബ്രഹാം</u>
<u>ഡോ. കെ. ടി. ജലീൽ</u>
<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u>
<u>ശ്രീമതി. കെ. എസ്. സലീഖ</u>

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) സൗദി അറേബ്യയിൽ നിതാഖത് നിയമം കർശനമാക്കിയതിനെ തുടർന്ന് ഇതിനകം എത്ര പ്രവാസി മലയാളികൾ അത്മഹത്യചെയ്യുകയുണ്ടായി; ഒളിവിൽ കഴിയുന്നവരും ജയിലുകളിൽ അകപ്പെട്ടവരും തൊഴിൽനഷ്ടപ്പെട്ടവരും എത്രയാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(എ) നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് പ്രവാസി മലയാളികൾ ആരും തന്നെ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. നിതാഖത്ത് നിയമം കാരണം ഒളിവിൽ കഴിയുന്നവരും ജയിലുകളിൽ അകപ്പെട്ടവരും തൊഴിൽ നഷ്ടപ്പെട്ടവരുടെയും കണക്ക് ലഭ്യമല്ല. നിതാഖത്തിനെ തുടർന്ന് കേരളത്തിലെ എയർപ്പോർട്ടുകളിൽ ഏർപ്പെടുത്തിയ ഹെൽപ് ഡെസ്കിലൂടെയും ഓൺലൈൻ രജിസ്ട്രേഷനിലുമായി ഏകദേശം 8600 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മുഖ്യമന്ത്രി യു.എ.ഇ സന്ദർശനവേളയിൽ സൗദി അറേബ്യ സന്ദർശിക്കുകയുണ്ടായോ?

(ബി) ഇല്ല. പ്രവാസികാര്യ മന്ത്രി സൗദി അറേബ്യ സന്ദർശിച്ച് ചർച്ചകൾ നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ